## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 19.07.2025 മുതൽ 23.07.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 29/2025 (57) വെള്ളിയാഴ്ച | തീയ്യതി 18/07/2025 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| **കാലാവസ്ഥാ ഘടകങ്ങൾ** | **19.07.2025** | **20.07.2025** | **21.07.2025** | **22.07.2025** | **23.07.2025** |
| മഴ (മില്ലി മീറ്റർ) | 35 | 30 | 30 | 15 | 10 |
| ഉയർന്ന താപനില (°C) | 28 | 28 | 28 | 28 | 28 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 4 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 270 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |
| കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. 2025 ജൂലൈ 18 മുതൽ 21 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. | | | | | |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ഞാറ് പരുവം | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക (ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷ്ണം, 5 സെന്റിനു 1 കഷ്ണം). ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 0.4 G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| വാഴതന | തണ്ടുതുരപ്പൻ | വാഴതനയിൽ കാണപ്പെടുന്ന തണ്ട് തുരപ്പന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി 5% വീര്യമുള്ള വേപ്പിൻകുരു സത്ത് 10 ദിവസം ഇടവിട്ട് തളിച്ചു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബാസ്സിലസ് തുറിഞ്ചിയൻസിസ് ഫോർമുലേഷനുകൾ ശർക്കര കൂടി ചേർത്ത് ഉപയോഗിക്കാവുന്നതാണ്. |
| പച്ചക്കറികൾ | പരിചരണം | പച്ചക്കറികളിൽ രണ്ടാഴ്ചയിൽ ഒരിക്കൽ ദ്രാവക ജൈവവളങ്ങളായ ഹരിതകഷായം (10% വീര്യം മണ്ണിൽ ഒഴിച്ചുകൊടുക്കാനും 5% വീര്യം ചെടിയിൽ തളിച്ച്കൊടുക്കാനും), മത്തി ശർക്കര മിശ്രിതം (3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ), പഞ്ചഗവ്യം (30 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) എന്നിവ തളിച്ച് കൊടുക്കുന്നത് വിളകൾ പൂക്കുന്നതിനും രോഗകീട പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും സഹായിക്കുന്നു. |
| മൃഗസംരക്ഷണം-: കൊതുകു മുട്ട ഇട്ടു പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വയ്ക്കാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണക കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടിവയ്ക്കുക. | | |